**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 160** | **28.05.2019-ൽ മറുപടിക്ക്**

## പള്ളി ഇമാം ആക്രമിക്കപ്പെട്ട സംഭവം

| ചോദ്യം<br>ശ്രീ. എൻ .എ. നെല്ലിക്കുന്ന് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ നിന്ന് എത്ര ദൂരമാണ് കാസർഗോഡ് നെല്ലിക്കുന്ന് മുഹ്‌യിദ്ദീൻ ജുമാമസ്ജിദ് റോഡിലേക്കുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു കിലോമീറ്റർ ദൂരമുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ അടുത്ത കാലത്തായി ഏതെങ്കിലും പള്ളി ഇമാം ആക്രമിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത റോഡിൽ പള്ളി ഇമാം ആക്രമിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ട്. |
| (സി) | എങ്കിൽ ആര്, എപ്പോൾ, എങ്ങനെ ആക്രമിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; | (സി) | നെല്ലിക്കുന്ന് നൂർ-മസ്ജിദ് ഇമാം അബ്ദുൽ നാസർ സഹ്ലാഫി എന്നയാളെ 21/03/2019 തീയതി രാത്രി 9 മണിയ്ക്ക് സംഘമായി എത്തിയ ചിലർ ചേർന്ന് പിന്നിൽ നിന്നും പിടിച്ച് നിർത്തി കൈ കൊണ്ട് നടുവിന് ഇടിച്ച് പരിക്കേൽപ്പിച്ചതായാണ് സംഭവം. |
| (ഡി) | ഈ സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും എങ്കിൽ ക്രൈം നമ്പർ എത്രയാണെന്നും സെക്ഷൻ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ഡി) | ഈ സംഭവവുമായി ബന്ധപ്പെട്ട് കാസർഗോഡ് പോലീസ് സ്റ്റേഷൻ Cr.No.193/2019 U/S 323,341 r/w 34 IPC and Sec. 120(o) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ കേസ്സിൽ എത്രപേരെ ഇതുവരെ ചോദ്യം ചെയ്തുവെന്നും പ്രതികൾ എത്രപേരാണെന്നും വ്യക്തമാക്കാമോ; അവരുടെ വിശദാംശം നൽകാമോ; | (ഇ) | ഈ കേസുമായി ബന്ധപ്പെട്ട് 42 പേരെ ചോദ്യം ചെയ്തിട്ടുണ്ട്. പ്രതികൾ എത്ര പേരാണെന്ന് അറിവായിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | കേസ്സിന്റെ അന്വേഷണചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും, പ്രസ്തുത ഉദ്യോഗസ്ഥന്റെ കീഴിലുള്ള അന്വേഷണ സംഘത്തിൽ ആരൊക്കെയാണുള്ളതെന്നും വ്യക്തമാക്കാമോ; | (എഫ്) | ടി കേസിന്റെ അന്വേഷണ ചുമതല കാസർഗോഡ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഓഫ് പോലീസ് എസ്.എച്ച്.ഒ-യ്ക്കാണ്. കാസർഗോഡ് അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസിന്റെ മേൽനോട്ടത്തിൽ കാസർഗോഡ് എസ്.എച്ച്.ഒ അന്വേഷണ ഉദ്യോഗസ്ഥനായും ഒരു SI, ഒരു ASI, രണ്ട് സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, രണ്ട് സിവിൽ പോലീസ് ഓഫീസർമാർ എന്നിവരുമാണ് അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (ജി) | ഈ കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും കേസ്സിന്റെ അന്വേഷണം സ്പെഷ്യൽ ടീമിനെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്കോ ഡി.ജി.പി.ക്കോ ജനപ്രതിനിധികളോ സംഘടനകളോ വ്യക്തികളോ അപേക്ഷ നല്കിയിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എടുത്ത നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ? | (ജി) | അന്യായക്കാരനെയും സാക്ഷികളെയും ചോദ്യം ചെയ്ത് അന്വേഷണം നടത്തിയതിലും ശാസ്ത്രീയ പരിശോധനകളിലും പ്രതികളെ തിരിച്ചറിയുന്നതിലേക്കായുള്ള തെളിവുകൾ ഒന്നും ലഭ്യമല്ലാത്തതിനാൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. കേസിന്റെ അന്വേഷണം സ്പെഷ്യൽ ടീമിനെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയ്ക്കും ഡി.ജി.പിയ്ക്കും സ്ഥലം എം.എൽ.എയ്ക്കും മറ്റ് സംഘടനകളിൽ നിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസിന്റെ മേൽനോട്ടത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ അന്വേഷണ ഉദ്യോഗസ്ഥനായി 7 പേർ അടങ്ങുന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**